സമഗ്ര പച്ചക്കറി വികസന പദ്ധതി

239 (1678) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷണറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര പച്ചക്കറി വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് കർഷകർക്ക് ലഭ്യമാകുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കാനും ഭക്ഷ്യസുരക്ഷ പരിഗണിച്ച് വിഷവിമുക്തമായ പച്ചക്കറി സംസ്ഥാനത്ത് ലഭ്യമാക്കുവാനും 2012-13-ൽ സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിക്ക് തുടക്കം കുറിച്ചു. ജൈവകൃഷിക്ക് ഊന്നൽ നൽകിക്കൊണ്ട് പച്ചക്കറി കൃഷിയിൽ സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. വീട്ടുവളപ്പിലെ കൃഷി, മട്ടുപ്പാവിലെ കൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി തരിശ്ശുനില കൃഷി, വിദ്യാലയങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി, പയർ-കിഴങ്ങുവിള വികസനം, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, മഴ മറകളിലെ പച്ചക്കറി കൃഷി, സങ്കരഇനം വിത്തുകളുടെ ഉപയോഗം, ഹൈടെക് പോളീ ഹൗസുകളിൽ സംരക്ഷിത കൃഷി, ഉറസായ സ്ഥലത്തെ കൃത്യതാ കൃഷി, സൂക്ഷ്മ കൃഷിയും ഫെർട്ടിഗേഷനും, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളും, നഴ്സറികളും രൂപീകരിക്കുക എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(സി) പദ്ധതിയിലൂടെ നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളെപ്പറ്റിയുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പച്ചക്കറി വികസന പദ്ധതി - ഘടകങ്ങൾ	തുക (ലക്ഷത്തിൽ)
(1)	(2)	(3)
1.	പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക :	500
	20 രൂപ വിലയുള്ള 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും 5 ലക്ഷം കിറ്റുകൾ വീട്ടമ്മമാർ മുഖേനയും പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യമായി നൽകുന്നു.	
2.	അർബർ ക്ലസ്റ്റർ :	525
	(എ) മട്ടുപ്പാവിലെ കൃഷി പ്രോത്സാഹനം :	
	2000 രൂപ വിലയുള്ള 28334 ഗ്രോബാഗ് യൂണിറ്റുകൾ 75 % സബ്സിഡി നിരക്കിൽ മട്ടുപ്പാവ് കൃഷിക്കായി വിതരണം ചെയ്യുന്നു. (425 ലക്ഷം)	
	(ബി) ആവർത്തന ചെലവുകൾ :	
	കഴിഞ്ഞ വർഷങ്ങളിൽ നൽകിയ ഗ്രോബാഗുകൾ കൃഷി യോഗ്യമാക്കുന്നതിനും വിത്ത്, തൈകൾ, വളം എന്നിവ നൽകുന്നു. (100 ലക്ഷം)	
3.	വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി :	300
	(എ) തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 4000 രൂപ സഹായധനം (100 ലക്ഷം)	
	(ബി) വിദ്യാലയങ്ങളിൽ 400 ജലസേചന യൂണിറ്റുകൾ, കിണർ, പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിൽ സഹായം നൽകുന്നു. (40 ലക്ഷം)	
	(സി) 2500 വിദ്യാലയങ്ങളിൽ ക്ലബുകളുടെ പ്രവർത്തന ചെലവായി 1000 രൂപ വീതം നൽകുന്നു. (25 ലക്ഷം)	
	(ഡി) പ്രോജക്ടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പരമാവധി 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. (135 ലക്ഷം)	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
4	ജില്ലാ ക്ലസ്റ്റർ വികസനം :	1780
	(എ) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 800 കാര്യക്ഷമമായ ക്ലസ്റ്ററുകളുടെ വികസനം (ക്ലസ്റ്ററിന് 75,000 രൂപ നിരക്കിൽ ആകെ 600 ലക്ഷം)	
	(ബി) സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ (ഹെക്ടറിന് 15,000 രൂപ നിരക്കിൽ) വികസന സഹായം (435 ലക്ഷം)	
	(സി) പമ്പ് സെറ്റുകൾ 1720 പമ്പ് സെറ്റുകൾക്ക് 10,000 രൂ പ നിരക്കിൽ സഹായധനം (172 ലക്ഷം)	
	(ഡി) സസ്യസംരക്ഷണ ഉപാധികൾ 1000 യൂണിറ്റിന് 1500 രൂപ നിരക്കിൽ ധനസഹായം. (15 ലക്ഷം)	
	(ഇ) ഇന്നവേഷൻ ഫണ്ട് - ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തങ്ങൾക്കായി ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ (42 ലക്ഷം രൂപ)	
	(എഫ്) ഹരിത ഫണ്ട് - ക്ലസ്റ്ററുകളുടെ അടിസ്ഥാന ചെലവുകൾക്കായി ഒരു ക്ലസ്റ്ററിന് 2000 രൂപ നിരക്കിൽ സഹായധനം (16 ലക്ഷം)	
	(ജി) തരിശുനില കൃഷി ഹെക്ടറിന് 30,000 രൂപ നിരക്കിൽ 500 ഹെക്ടറിന് ധനസഹായം (150 ലക്ഷം)	
	(എച്ച്) പ്രസിദ്ധീകരണങ്ങൾ/മാധ്യമങ്ങൾ വഴി 20 രൂപ വിലയുള്ള 5 ലക്ഷം വിത്തു പായ്ക്കറ്റുകളുടെ വിതരണം (100 ലക്ഷം)	
	(ഐ) മറ്റു ചെലവുകൾ (13 ലക്ഷം)	
	(ജെ) പ്രവർത്തന ചെലവുകൾ (17 ലക്ഷം)	
	(കെ) സർക്കാരിതര സ്ഥാപനങ്ങൾ വഴി 2.5 ലക്ഷം പച്ചക്കറി വിത്ത് കിറ്റ് വിതരണം. (50 ലക്ഷം)	
	(എൽ) പിണറായി പഞ്ചായത്തിലെ ഇടക്കടവ് ജലസേചന പദ്ധതി. (7.2 ലക്ഷം)	
	(എം) മാനന്തവാടി ബ്ലോക്കിലെ ആദിവാസി ഊരുകളിലെ പച്ചക്കറി കൃഷി (7.624 ലക്ഷം)	
	(എൻ) ഫീൽഡ് അസിസ്റ്റന്റ്മാരുടെ കരാർ നിയമനം (127.5 ലക്ഷം)	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
5.	ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം :	1730
	(എ) നടപ്പുവർഷത്തിലെ 100 പ്രവർത്തനക്ഷമമായ ക്ലസ്റ്ററുകൾക്ക് ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം (630 ലക്ഷം)	
	(ബി) 2013-14-ൽ ഗ്രേഡ് ചെയ്യപ്പെട്ട 95 ക്ലസ്റ്ററുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം. (190 ലക്ഷം)	
	(സി) ഗ്രേഡ് ചെയ്യപ്പെടാത്ത കാര്യക്ഷമമായ 600 ക്ലസ്റ്ററുകൾക്ക് 1.5 ലക്ഷം രൂപ നിരക്കിൽ ഉല്പാദനത്തിനും വിപണനത്തിനുമുള്ള ധനസഹായം (900 ലക്ഷം)	
6.	സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം :	50
	തെരഞ്ഞെടുക്കപ്പെട്ട 238 ക്ലസ്റ്ററുകളിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളുടെ വള പ്രയോഗം (50 ലക്ഷം)	
7.	ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾ - 2013-14, 2014-15 രൂപീകരിക്കപ്പെട്ട 40 ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾക്ക് 10 ലക്ഷം രൂപ നിരക്കിൽ സംഭരണ വിപണന ധനസഹായം (400 ലക്ഷം)	400
8.	കിഴങ്ങു പയറുവിള വികസനം :	300
	(എ) കിഴങ്ങുവിള വികസനം - സി.റ്റി.സി.ആർ.ഐ. മുഖേന പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നടപ്പിലാക്കുന്നു. (75 ലക്ഷം)	
	(ബി)പയറുവിള വികസന ഹെക്ടറിന് 10,000 രൂപ നിരക്കിൽ 250 ഹെക്ടറിന് സഹായം - (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളിൽ 25 ലക്ഷം രൂപ)	
9.	നഴ്സറികളുടെ സ്ഥാപനം - ബ്ലോക്കുതലത്തിൽ 5 ലക്ഷം രൂപ ധനസഹായം നൽകി 15 നഴ്സറികളുടെ രൂപീകരണം (75 ലക്ഷം)	75
10.	മഴമറകൾ - 75% സബ്സിഡി നിരക്കിൽ 100 ചതുരശ്ര മീറ്ററിൽ 200 മഴമറകൾ സ്ഥാപിക്കുന്നതിന് 50,000 രൂപ വീതം ധനസഹായം (100 ലക്ഷം)	100

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
11.	സങ്കരവിത്തിനങ്ങളുടെ പരീക്ഷണത്തോട്ടങ്ങൾ - 225 പരീക്ഷണത്തോട്ടങ്ങൾക്ക് ധനസഹായം (25 ലക്ഷം)	25
12.	സൂക്ഷ്മ ജലസേചനവും, ജലസേചനംവഴിയുള്ള വളപ്രയോഗവും - 50 സെന്റ് വീതം വരുന്ന 1400 യൂണിറ്റുകൾക്ക് 30,000 രൂപ വീതം ധനസഹായം നൽകുന്നു. (425 ലക്ഷം)	425
13.	എക്സ്റ്റേണൽ മോണിറ്ററിംഗ് (40 ലക്ഷം)	40
14.	ഡോക്യുമെന്റേഷൻ (50 ലക്ഷം)	50
15.	സാങ്കേതിക സഹായവും കരാർ നിയമനവും (50 ലക്ഷം)	50
16.	അവാർഡുകൾ നൽകുന്നതിന് (50 ലക്ഷം)	50
17.	പരിശീലനം, പ്രചരണം, ബോധവത്ക്കരണം (100 ലക്ഷം)	100
18.	ആകാശവാണിവഴി കർഷകരുടെ വിജയഗാഥ പ്രചരണം (50 ലക്ഷം)	50

നിറവ് പദ്ധതിയുടെ പ്രവർത്തന പുരോഗതി

240 (1679) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ആരംഭിച്ച നിറവ് പദ്ധതി പ്രകാരം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) നിറവ് പദ്ധതിയിൻകീഴിൽ പുതുതായി എന്തെങ്കിലും പരിപാടികൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2011-12-ൽ തെരഞ്ഞെടുത്ത നിറവ് മണ്ഡലങ്ങൾക്കായി 2012-13-ലെ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നെൽ കൃഷി വികസനം, തെങ്ങുകൃഷി വികസനം ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, കാർഷിക യന്ത്രവൽക്കരണം,

LIBRARY ARCHIVES Kerala Legislative Assembly